"ഭരണഭാഷ മാതൃഭാഷ"

സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്, എസ്റ്റേറ്റ് വിഭാഗം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്, എം.ജി.റോഡ്, പുത്തൻചന്ത, തിരുവനന്തപുരം-695001

ഫോൺ: 0471-2337790 ഇമെയിൽ: tdbestate@gmail.com വെബ്സൈറ്റ്: www.travancoredevaswomboard.org

*Auction No.04/EED/T/2022*

## ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള നിലയ്ക്കൽ ശബരി എസ്റ്റേറ്റിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണപ്രവർത്തനം നടത്തുന്നതിലേക്കായി ബഹുമാനപ്പെട്ട ദേവസ്വം ബോർഡിന്റെ 13-10-2022 ലെ ആർ.ഒ.സി.1 0235/19/എം നമ്പർ ഉത്തരവ് പ്രകാരം 110 റബ്ബർ മരങ്ങൾ നിലയ്ക്കൽ ദേവസ്വത്തിൽ വച്ച് **09-11-2022 ഉച്ചയ്ക്ക് 2 മണിയ്ക്ക്** പരസ്യമായി ലേലം ചെയ്യുന്നതാണ്. ടി ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ അന്നേദിവസം ലേല സമയത്തിനുമുൻപ് ടി ദേവസ്വത്തിൽ 25,000/-രൂപ നിരതദ്രവ്യം വയ്ക്കേണ്ടതും നിശ്ചിതതുകയ്ക്കുള്ള നിരതദ്രവ്യത്തോടുകൂടി ലേലസമയത്തിനുമുമ്പ് ക്വട്ടേഷനുകളും ഹാജരാക്കാവുന്നതാണ്. ഏറ്റവും കൂടുതൽ വിളിക്കുന്ന, ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ലേലം സ്ഥിരപ്പെടുത്തുന്നതും, ആ വ്യക്തി അപ്പോൾ തന്നെ വിളിച്ച തുകയുടെ 50% കെട്ടിവെയ്ക്കേണ്ടതുമാണ്. ദേവസ്വം ബോർഡിന്റെ അനുവാദം വരുന്ന മുറയ്ക്ക് ബാക്കി തുക രണ്ട് ദിവസത്തിനകം അടച്ച് ഡിപ്പാർട്ടുമെന്റ് വ്യവസ്ഥകൾക്ക് വിധേയമായി കൃത്യം 5 ദിവസത്തിനകം മേൽപ്പടി മരങ്ങൾ തറനിരപ്പിൽ മുറിച്ചുമാറ്റി നീക്കം ചെയ്യേണ്ടതുമാണ്. ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം കെട്ടിവച്ച തുക ഡിപ്പാർട്ടുമെന്റിൽ മുതൽക്കൂട്ടി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ലേലം/ക്വട്ടേഷൻ അനുവദിച്ചുകിട്ടിയ ആൾ നിലവിലുള്ള എല്ലാവിധ നികുതികളും (ജി.എസ്.റ്റി ഉൾപ്പെടെയുള്ള സർക്കാർ നികുതികൾ) മേൽപ്പടി തുകയോടൊപ്പം അടയ്ക്കേണ്ടതാണ്. ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, യാതൊരുകാരണവുംകൂടാതെ നിരസിക്കുന്നതിനും, മാറ്റിവയ്ക്കുന്നതിനുമുള്ള പൂർണ്ണ അധികാരം ഡിപ്പാർട്ടുമെന്റിൽ നിക്ഷിപ്തമായിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുളള എല്ലാ ലേല വ്യവസ്ഥകളും ടി ലേലത്തിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഈ ആഫീസുമായോ നിലയ്ക്കൽ അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസ്/അഡ്മിനിസ്ട്രേറ്റീവ് ആഫീസുമായോ (Mobile No.8301851299) അറിയാവുന്നതാണ്.

Sd/-

**എക്സിക്യൂട്ടീവ് എഞ്ചിനീയർ**

തിരുവനന്തപുരം

29/10/2022